**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 11** **12-10-2026-ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. വി. ജോയി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. സി. കെ. ഹരീന്ദ്രൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സവാള, പഞ്ചസാര തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഇരട്ടിയായി കുതിച്ചുയർന്ന് പൊതുജനജീവിതം ദുസ്സഹമായിട്ടും വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ നിസംഗത പാലിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** സവാള ഉൾപ്പെടെയുള്ള പച്ചക്കറി ഇനങ്ങൾ സംഭരിക്കുന്നതും മിതമായ നിരക്കിൽ വിൽപ്പന നടത്തുന്നതും കൃഷി വകുപ്പിൻ്റെ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, VFPCK തുടങ്ങിയ സ്ഥാപനങ്ങൾ വഴിയാണ് എന്നതിനാൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരുകയും നാഷണൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് (NCCF) മുഖേന സവാള സംഭരിക്കുന്നതിനും ആയത് പൊതുവിപണിയിൽ വിറ്റഴിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തിരുന്നു. നാളിതുവരെ 80.08 മെട്രിക് ടൺ സവാള സംഭരിച്ച് വിതരണം നടത്തുകയുണ്ടായി. ആയത് വഴി പൊതു വിപണിയിലെ സവാളയുടെ വിലക്കുതിപ്പിൽ നിയന്ത്രണം കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും നടത്തിയ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അവശ്യ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുമുണ്ട്.

**(ബി)** കാലാവസ്ഥാ വ്യതിയാനവും കരുതൽ ശേഖരത്തിലെ പാളിച്ചകളും മൂലം സവാള ഉൾപ്പെടെയുള്ളവയുടെ വരവിൽ കുറവുണ്ടാകുമെന്നും ചില്ലറ-മൊത്ത വിപണികളിൽ വലിയ തോതിൽ വിലവർദ്ധനവ് ഉണ്ടാകുമെന്നുമുള്ള സാഹചര്യം മുൻകൂട്ടി കണ്ട് സംസ്ഥാനത്തേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ സംഭരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം വസ്തുതാപരമാണോ;

**മറുപടി:** വസ്തുതാപരമല്ല.

**(സി)** പഞ്ചസാരയുടെയും മറ്റ് അവശ്യസാധനങ്ങളുടെയും വില അനിയന്ത്രിതമായി ഉയരുന്ന സാഹചര്യത്തിൽ വിപണിയിൽ നടക്കുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും അമിതവില നിയന്ത്രിക്കുന്നതിനും സർക്കാർ നടത്തിയ ഇടപെടലുകളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

**മറുപടി:** പഞ്ചസാരയുടെയും മറ്റ് അവശ്യസാധനങ്ങളുടെയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും അമിതവില നിയന്ത്രിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പിലെ ജില്ല/താലൂക്ക് തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവിപണിയിൽ സ്ഥിരമായ പരിശോധന നടത്തി വരുന്നു. വിലവിവരപ്പട്ടിക പ്രദർശനം, പർച്ചേസ് ബില്ലുകളുടെ പരിപാലനം, നിശ്ചിത വിലയുള്ള വിൽപ്പന, അമിതവില ഈടാക്കൽ, പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത എന്നിവ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം 1977-ലെ Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order പ്രകാരം നടപടി സ്വീകരിക്കുന്നു. ഉത്സവകാലങ്ങളിൽ ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ വകുപ്പ് തുടങ്ങിയവയുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി കൃത്രിമ വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ, പൊതു വിപണിയേക്കാൾ ശരാശരി 25% മുതൽ 35% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ 15 മുതൽ 35 ശതമാനം വരെ വിലക്കുറവിലും മറ്റ് ഉൽപ്പന്നങ്ങൾ പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ, 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വിൽപ്പന നടത്തി വരുന്നു. ഇതിന് പുറമേ ഉപഭോക്താക്കൾക്ക് ആവശ്യാനുസൃതം 44 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിൽ (Freesale Subsidy Rate ൽ) വിൽപ്പന നടത്തുന്നുണ്ട്.

വിപണി ഇടപെടലിന്റെ ഭാഗമായി 14 ജില്ലകളിലും ഓഗസ്റ്റ് 25 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകളും, കോഴിക്കോട് ബീച്ച്, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ട്, തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്ക് എന്നിവിടങ്ങളിൽ മെഗാ ട്രേഡ് ഫെയറുകളും സംഘടിപ്പിക്കുകയുണ്ടായി. കോഴിക്കോട് ബീച്ചിലും, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലും തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലും മറ്റ് സ്വകാര്യ - സർക്കാർ സെക്ടറുകളിലെ പ്രമുഖ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ കൂടി ഉൾപ്പെടുത്തിയാണ് ഓണം മെഗാ ട്രേഡ്ഫെയർ സംഘടിപ്പിച്ചത്. കൂടാതെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2026 ഓഗസ്റ്റ് 21 മുതൽ 25 വരെ ഓണം ഫെയറുകൾ നടത്തിയിട്ടുണ്ട്. പതിമൂന്നിനം സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, മിൽമ, ഹോർട്ടികോർപ്പ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു. ഓണക്കാലത്തെ ആവശ്യം മുൻകൂട്ടികണ്ട് എല്ലാ അവശ്യ വസ്തുക്കളുടേയും പ്രത്യേകിച്ച് അരി, മുളക്, വെളിച്ചെണ്ണ, തുവര, ഉഴുന്ന്, കടല ഉൾപ്പെടെയുള്ളവയുടെ ലഭ്യത എല്ലാ ഓണം ഫെയറുകളിലും സപ്ലൈകോ വില്പനശാലകളിലും ഉറപ്പാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

പൊതു വിപണിവിലയേക്കാൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ഈ ഓണക്കാലത്ത് സപ്ലൈകോ വിൽപ്പനശാലകൾ വഴി സാധനങ്ങൾ ലഭ്യമാക്കിയിരുന്നു. 21 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 1280 രൂപയുള്ളതുമായ അത്തം ഓണസമ്മാന കിറ്റ് ആയിരം രൂപയ്ക്കും 25 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 1830 രൂപയുള്ളതുമായ ഉത്രാടം കിറ്റ് ആയിരത്തി അഞ്ഞൂറ് രൂപയ്ക്കും 30 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 2540 രൂപയുള്ളതുമായ പ്രീമിയം ഓണാഘോഷ കിറ്റായ തിരുവോണം കിറ്റ് 2000 രൂപയ്ക്കും പുട്ടുപൊടി, സേമിയ, പായസക്കൂട്ട് ,മുളകുപൊടി, മഞ്ഞപ്പൊടി തുടങ്ങി 9 പ്രീമിയം ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയതും പരമാവധി വില്പന വില 374 രൂപയുള്ളതുമായ ശബരി സിഗ്നേച്ചർ കിറ്റ്

299 രൂപയ്ക്കുമാണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തിയത്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ് എം സി ജി കമ്പനികളുടെ 350 ലധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും വിലക്കുറവും നൽകിയിരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകിയിരുന്നു.

പഞ്ചസാര സപ്ലൈകോ ആവശ്യാനുസൃതം ഇ- ടെണ്ടർ / ഇ- ലേലം മുഖേന സംഭരിച്ച് വിപണനം ചെയ്തു വരുന്നുണ്ട്. ഈ ഓണക്കാലത്ത് (ആഗസ്റ്റ് മാസം) സപ്ലൈകോ ഏകദേശം 31,25,551 കിലോ പഞ്ചസാര സബ്സിഡി നിരക്കിൽ (കിലോഗ്രാമിന് GST ഉൾപ്പെടെ 34.65/- രൂപ നിരക്കിൽ) വിൽപ്പന നടത്തിയിട്ടുണ്ട്.

**(ഡി)** റോഡ് മാർഗ്ഗവും മറ്റും സംസ്ഥാനത്തേക്ക് എത്തിക്കുന്ന പരിമിതമായ ചരക്കുകൾ വിലക്കയറ്റം തടയാൻ പര്യാപ്തമല്ലാത്തതിനാൽ സപ്ലൈകോ ഉൾപ്പെടെയുള്ള പൊതുവിതരണ സംവിധാനങ്ങൾ വഴി സവാളയും പഞ്ചസാരയുമടക്കമുള്ള അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ ജനങ്ങളിലേക്കെത്തിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> പഞ്ചസാരയുടെയും മറ്റ് അവശ്യസാധനങ്ങളുടെയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും അമിതവില നിയന്ത്രിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പിലെ ജില്ല/താലൂക്ക് തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവിപണിയിൽ സ്ഥിരമായ പരിശോധന നടത്തി വരുന്നു. വിലവിവരപ്പട്ടിക പ്രദർശനം, പർച്ചേസ് ബില്ലുകളുടെ പരിപാലനം, നിശ്ചിത വിലയ്ക്കുള്ള വിൽപ്പന, അമിതവില ഈടാക്കൽ, പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത എന്നിവ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം 1977-ലെ Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order പ്രകാരം നടപടി സ്വീകരിക്കുന്നു. ഉത്സവകാലങ്ങളിൽ ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ വകുപ്പ് തുടങ്ങിയവയുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി കൃത്രിമ വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ, പൊതു വിപണിയേക്കാൾ ശരാശരി 25% മുതൽ 35% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ 15 മുതൽ 35 ശതമാനം വരെ വിലക്കുറവിലും മറ്റ് ഉൽപ്പന്നങ്ങൾ പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ, 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വിൽപ്പന നടത്തി വരുന്നു. ഇതിന് പുറമേ ഉപഭോക്താക്കൾക്ക് ആവശ്യാനുസൃതം 44 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിൽ (Freesale Subsidy Rate ൽ) വിൽപ്പന നടത്തുന്നുണ്ട്.

വിപണി ഇടപെടലിന്റെ ഭാഗമായി 14 ജില്ലകളിലും ഓഗസ്റ്റ് 25 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകളും, കോഴിക്കോട് ബീച്ച്, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ട്, തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്ക് എന്നിവിടങ്ങളിൽ മെഗാ ട്രേഡ് ഫെയറുകളും സംഘടിപ്പിക്കുകയുണ്ടായി. കോഴിക്കോട് ബീച്ചിലും, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലും തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലും മറ്റ് സ്വകാര്യ - സർക്കാർ സെക്ടറുകളിലെ പ്രമുഖ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ കൂടി ഉൾപ്പെടുത്തിയാണ് ഓണം മെഗാ ട്രേഡ്ഫെയർ സംഘടിപ്പിച്ചത്. കൂടാതെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2026 ഓഗസ്റ്റ് 21 മുതൽ 25

വരെ ഓണം ഫെയറുകൾ നടത്തിയിട്ടുണ്ട്. പതിമൂന്നിനം സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, മിൽമ, ഹോർട്ടികോർപ്പ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു. ഓണക്കാലത്തെ ആവശ്യം മുൻകൂട്ടികണ്ട് എല്ലാ അവശ്യ വസ്തുക്കളുടേയും പ്രത്യേകിച്ച് അരി, മുളക്, വെളിച്ചെണ്ണ, തുവര, ഉഴുന്ന്, കടല ഉൾപ്പെടെയുള്ളവയുടെ ലഭ്യത എല്ലാ ഓണം ഫെയറുകളിലും സപ്ലൈകോ വില്പനശാലകളിലും ഉറപ്പാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

പൊതു വിപണിവിലയേക്കാൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ഈ ഓണക്കാലത്ത് സപ്ലൈകോ വിൽപ്പനശാലകൾ വഴി സാധനങ്ങൾ ലഭ്യമാക്കിയിരുന്നു. 21 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 1280 രൂപയുള്ളതുമായ അത്തം ഓണസമ്മാന കിറ്റ് ആയിരം രൂപയ്ക്കും 25 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 1830 രൂപയുള്ളതുമായ ഉത്രാടം കിറ്റ് ആയിരത്തി അഞ്ഞൂറ് രൂപയ്ക്കും 30 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 2540 രൂപയുള്ളതുമായ പ്രീമിയം ഓണാഘോഷ കിറ്റായ തിരുവോണം കിറ്റ് 2000 രൂപയ്ക്കും പുട്ടുപൊടി, സേമിയ, പായസക്കൂട്ട് ,മുളകുപൊടി, മഞ്ഞപ്പൊടി തുടങ്ങി 9 പ്രീമിയം ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയതും പരമാവധി വില്പന വില 374 രൂപയുള്ളതുമായ ശബരി സിഗ്നേച്ചർ കിറ്റ് 299 രൂപയ്ക്കുമാണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തിയത്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ് എം സി ജി കമ്പനികളുടെ 350 ലധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും വിലക്കുറവും നൽകിയിരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകിയിരുന്നു.

പഞ്ചസാര സപ്ലൈകോ ആവശ്യാനുസൃതം ഇ- ടെണ്ടർ / ഇ- ലേലം മുഖേന സംഭരിച്ച് വിപണനം ചെയ്തു വരുന്നുണ്ട്. ഈ ഓണക്കാലത്ത് (ആഗസ്റ്റ് മാസം) സപ്ലൈകോ ഏകദേശം 31,25,551 കിലോ പഞ്ചസാര സബ്സിഡി നിരക്കിൽ (കിലോഗ്രാമിന് GST ഉൾപ്പെടെ 34.65/- രൂപ നിരക്കിൽ) വിൽപ്പന നടത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**